**മധുരമായ കുട്ടികളെ– ആരെല്ലാമാണോ ആരംഭം മുതൽ ഭക്തി ചെയ്തത്, 84 ജന്മം എടുത്തത്, അവർ നിങ്ങളുടെ ജ്ഞാനത്തെ വളരെ താൽപര്യത്തോടെ കേൾക്കും, സൂചനയിലൂടെ മനസ്സിലാക്കും.**

**ചോദ്യം–** ദേവീ–ദേവതാകുലത്തിലെ സമീപത്തുള്ള ആത്മാവാണോ അതോ ദൂരെയുള്ള ആത്മാവാണോ എന്ന് എങ്ങനെയാണ് തിരിച്ചറിയുക?
**ഉത്തരം–** നിങ്ങളുടെ ദേവതാകുലത്തിലുള്ള ആത്മാക്കൾക്ക് ജ്ഞാനത്തിന്റെ എല്ലാ കാര്യങ്ങളും കേട്ട ഉടൻ തന്നെ മനസ്സിലാകും, അവർ ആശയക്കുഴപ്പത്തിൽ വരില്ല. എത്രയും കൂടുതൽ ഭക്തി ചെയ്തിട്ടുണ്ടോ അത്രയും കൂടുതൽ കേൾക്കുവാൻ പരിശ്രമിക്കും. അതിനാൽ കുട്ടികൾക്ക് നാഡി നോക്കി സേവ ചെയ്യണം.

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. കുട്ടികൾക്ക് ഇത് അറിയാം ആത്മീയ അച്ഛൻ നിരാകാരനാണ്, ഈ ശരീരത്തിലൂടെയാണ് മനസ്സിലാക്കിത്തരുന്നത്, നമ്മൾ ആത്മാക്കളും നിരാകാരികളാണ്, ഈ ശരീരത്തിലൂടെ കേൾക്കുന്നു. ഇപ്പോൾ രണ്ടച്ഛന്മാരും ഒരുമിച്ചാണല്ലോ. കുട്ടികൾക്കറിയാം രണ്ടച്ഛന്മാരും ഇവിടെയുണ്ട്. മൂന്നാമത്തെ അച്ഛനെ അറിയുമെങ്കിലും അവരെക്കാളും നല്ലതാണ് ഈ രണ്ട് അച്ഛന്മാർ, ഈ അച്ഛനേക്കാൾ നല്ലത് പിന്നെ ആ അച്ഛൻ, നമ്പർവൈസാണല്ലോ. അപ്പോൾ ആ ലൗകികത്തിൽ നിന്നുള്ള സംബന്ധത്തെ മാറ്റി ഈ രണ്ട് അച്ഛന്മാരുമായി സംബന്ധം ഉണ്ടാകുന്നു. മനുഷ്യർക്ക് എങ്ങിനെയാണ് മനസ്സിലാക്കിക്കൊടുക്കേണ്ടതെന്ന് ബാബ പറഞ്ഞുതരുകയാണ്. ചിത്രപ്രദർശിനി വയ്ക്കുമ്പോൾ നിങ്ങളുടെ അടുത്തേക്ക് ധാരാളം പേർ വരുന്നു. എല്ലാവരും 84 ജന്മങ്ങൾ എടുക്കുന്നില്ല എന്ന് നിങ്ങൾക്ക് അറിയാം. ചിലർ 84 ജന്മങ്ങൾ എടുക്കുന്നവരാണ് ചിലർ 10 ജന്മങ്ങൾ എടുക്കുന്നു, അല്ലെങ്കിൽ 20 ജന്മങ്ങൾ എടുക്കുന്നു എന്നെല്ലാം എങ്ങിനെ തിരിച്ചറിയാനാണ്? ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും ആരാണോ എന്നെ വളരെ അധികം ഭക്തി ചെയ്തത്, അവർക്ക് അതനുസരിച്ചുള്ള നല്ല ഫലം ഉടനെ തന്നെ ലഭിക്കുന്നു. കുറച്ചു ഭക്തിയേ ചെയ്തുള്ളൂ എങ്കിൽ, വൈകിയാണ് ചെയ്തത് എങ്കിൽ ഫലവും വളരെ കുറച്ചും വൈകിയും ലഭിക്കുന്നു. ബാബ ഈ കാര്യങ്ങൾ സേവനം ചെയ്യുന്ന കുട്ടികൾക്കാണ് മനസ്സിലാക്കിത്തരുന്നത്. ഭാരതവാസികളാണെങ്കിൽ അവരോട് ചോദിക്കണം– നിങ്ങൾ ദേവീ–ദേവതകളെ അംഗീകരിക്കുന്നവരാണോ? ഭാരതത്തിൽ ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യം ഉണ്ടായിരുന്നില്ലേ. ആരാണോ 84 ജന്മങ്ങൾ എടുത്തവർ, ആരംഭം മുതൽ ഭക്തി ചെയ്തവർ അവർ പെട്ടെന്ന് മനസ്സിലാക്കുന്നു– ഭാരതത്തിൽ ആദിസനാതന ദേവീദേവതാ ധർമ്മമുണ്ടായിരുന്നു. അവർ വളരെ താൽപര്യത്തോടെ കേൾക്കും. ചിലർ വെറുതെ നോക്കി മിണ്ടാതെ പോകും, അവർ ഒന്നും തന്നെ ചോദിക്കില്ല കാരണം അവരുടെ ബുദ്ധിയിലേക്ക് ഒന്നും തന്നെ പോയിട്ടില്ല. അപ്പോൾ അവരെക്കുറിച്ച് മനസ്സിലാക്കണം അവർ ഇവിടെ ഉള്ളവരല്ല. ഇനി മുന്നോട്ടു പോകവേ മനസ്സിലാക്കും. മനസ്സിലാക്കി കൊടുക്കുമ്പോൾ ചിലർ തലയാട്ടി കേൾക്കുന്നു. അവർ മനസ്സിലാക്കും 84 ജന്മം എന്നുള്ളത് ഈ കണക്കനുസരിച്ച് ശരിയാണ്. ഞങ്ങൾ എങ്ങനെ 84 ജന്മം നേടും എന്ന് ചിലർ ചോദിക്കും. ശരി, 84 അല്ലെങ്കിൽ 82 ജന്മങ്ങൾ എടുക്കുന്നവരും ദേവതാ ധർമ്മത്തിൽ വരുന്നു. നോക്കൂ, അത്ര പോലും ബുദ്ധിയിൽ ഇരിക്കുന്നില്ല എങ്കിൽ മനസ്സിലാക്കണം ഇവർ 84 ജന്മങ്ങൾ എടുക്കുന്നവർ അല്ല. വൈകി വരുന്നവർ കുറച്ചേ കേൾക്കൂ. എത്രത്തോളം കൂടുതൽ ഭക്തി ചെയ്തിട്ടുണ്ടോ അവർ കൂടുതൽ കേൾക്കാൻ പ്രയത്നിക്കും. പെട്ടെന്ന് തന്നെ മനസ്സിലാക്കും. വളരെ കുറച്ചെ മനസ്സിലാക്കുന്നുള്ളൂ എങ്കിൽ അവർ വൈകി വരുന്നവരാണ്. ഭക്തിയും വൈകിയാണ് ചെയ്തിട്ടുണ്ടാവുക. വളരെയധികം ഭക്തി ചെയ്യുന്നവർ സൂചനയിലൂടെ മനസ്സിലാക്കും. ഡ്രാമ ആവർത്തിക്കുമല്ലോ. മുഴുവൻ ആധാരവും ഭക്തിയിലാണ്. ഈ ബാബയാണ് (ബ്രഹ്മാവ് ) നമ്പർ വൺ ഭക്തി ചെയ്തത്. ഭക്തി കുറവാണ് ചെയ്തത് എങ്കിൽ ഫലവും കുറവേ ലഭിക്കൂ. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. വിവേകഹീനർക്ക് ധാരണ ചെയ്യാൻ സാധിക്കില്ല. ഈ മേളയും ചിത്രപ്രദർശിനിയും ഉണ്ടായിക്കൊണ്ടേയിരിക്കും. എല്ലാ ഭാഷകളിലും ഉണ്ടാകും. മുഴുവൻ ലോകത്തിലുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കണമല്ലോ. നിങ്ങൾ സത്യം സത്യമായ സന്ദേശവാഹകരാണ്. ഈ ധർമ്മ സ്ഥാപകർക്ക് ഒന്നും തന്നെ ചെയ്യാൻ സാധിക്കില്ല. അവർ ഗുരുക്കന്മാരുമല്ല. ഗുരു എന്നു പറയുന്നുണ്ടെങ്കിലും അവർ സദ്ഗതി ദാതാക്കളല്ല. ഗുരുക്കന്മാർ വരുമ്പോൾ അവരുടെ വിഭാഗത്തിലുള്ളവർ ആരും തന്നെ ഇല്ല എങ്കിൽ എങ്ങനെ സദ്ഗതി ചെയ്യാനാണ്. സദ്ഗതി ചെയ്യുന്ന ആളാണ് ഗുരു, അതായത് ദു:ഖത്തിന്റെ ലോകത്തിൽ നിന്നും ശാന്തി ധാമത്തിലേക്ക് കൊണ്ടുപോകണം. ക്രൈസ്റ്റും മറ്റും ഗുരുക്കന്മാരല്ല. അവർ കേവലം ധർമ്മസ്ഥാപകരാണ്. അവർക്ക് ഇതല്ലാതെ മറ്റൊരു പദവിയുമില്ല . ആരാണോ ആദ്യമാദ്യം സതോപ്രധാന അവസ്ഥയിൽ നിന്നും

സതോ–രജോ–തമോ അവസ്ഥയിലേക്ക് വരുന്നത് അവർക്കാണ് പദവി ഉള്ളത് . ധർമ്മസ്ഥാപകർ കേവലം തന്റെ ധർമ്മത്തെ സ്ഥാപിച്ച്, പുനർജന്മം എടുത്തുകൊണ്ടിരിക്കുന്നു. എപ്പോഴാണോ എല്ലാവരുടെയും തമോപ്രധാന അവസ്ഥയുണ്ടാകുന്നത് അപ്പോൾ ബാബ വന്ന് എല്ലാവരേയും പവിത്രമാക്കി കൂടെ കൊണ്ടുപോകുന്നു. പാവനമായി എങ്കിൽ പതിത ലോകത്ത് ഇരിക്കാൻ സാധിക്കില്ല. പവിത്ര ആത്മാക്കൾ മുക്തീധാമത്തിലേക്ക് പോകുന്നു, പിന്നീട് ജീവൻമുക്തിയിലേക്ക് വരുന്നു. ഭഗവാനെ മുക്തേശ്വരൻ, വഴികാട്ടി എന്നെല്ലാം പറയുന്നുണ്ടെങ്കിലും അതിന്റെ അർത്ഥം ആരും തന്നെ മനസ്സിലാക്കുന്നില്ല. അർത്ഥം മനസ്സിലാക്കുകയാണെങ്കിൽ അവരെക്കുറിച്ച് അറിഞ്ഞിരിക്കണം. സത്യയുഗത്തിൽ ഭക്തിമാർഗ്ഗത്തിലുള്ള വാക്കുകളും ഇല്ലാതാകുന്നു.

എല്ലാവരും തങ്ങളുടേതായ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ആരും ഇപ്പോൾ സദ്ഗതി പ്രാപിക്കില്ല. ഈ സമയത്ത് നിങ്ങൾക്ക് ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു. ബാബയും പറയുന്നു ഞാൻ കൽപ്പ–കൽപ്പം സംഗമയുഗത്തിലാണ് വരുന്നത്. ഇതിനെയാണ് മംഗളകാരീ സംഗമയുഗം എന്നു പറയുന്നത്, മറ്റൊരു യുഗവും മംഗളകാരിയല്ല. സത്യത്രേതായുഗത്തിന്റെ സംഗമത്തിന് മഹത്വമില്ല. സൂര്യവംശീ രാജധാനി കഴിഞ്ഞതിനു ശേഷം ചന്ദ്രവംശീരാജധാനി വരുന്നു. പിന്നീട് ചന്ദ്രവംശിയിൽ നിന്നും വൈശ്യവംശിയായി തീരുമ്പോൾ ചന്ദ്രവംശം കഴിഞ്ഞു പോകുന്നു. അതിനുശേഷം എന്തായിത്തീരും എന്നത് അറിയില്ല. ചിത്രം വയ്ക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും, ഈ സൂര്യവംശിയിൽ ഉള്ളവരായിരുന്നു വലിയവർ, പിന്നീട് അവർ തന്നെയാണ് ചന്ദ്രവംശിയിലേക്കും വരുന്നത്. സൂര്യവംശിയിലുള്ളവർ മഹാരാജാക്കന്മാരും ചന്ദ്രവംശിയിലുള്ളവർ രാജാക്കന്മാരും ആണ്. അവർ വളരെ ധനവാന്മാർ ആയിരുന്നു. തോറ്റവരാണ് ചന്ദ്രവംശിയിലേക്ക് പോകുന്നത്. ഈ കാര്യങ്ങളൊന്നും മറ്റൊരു ശാസ്ത്രത്തിലും ഇല്ല. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരികയാണ്. എല്ലാവരും പറയുന്നുണ്ട് ഞങ്ങളെ മുക്തരാക്കൂ, പതിതത്തിൽ നിന്നും പാവനമാക്കൂ. സുഖം വേണം എന്നല്ല പയുന്നത്. കാരണം സുഖത്തെ ശാസ്ത്രങ്ങളിൽ ആക്ഷേപിച്ചിട്ടുണ്ട്. എല്ലാവരും ചോദിക്കുന്നു മനസ്സിന്റെ ശാന്തി എങ്ങനെ ലഭിക്കും? ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു. നിങ്ങൾക്ക് സുഖവും ശാന്തിയും ലഭിക്കുന്നുണ്ട്, എവിടെ ശാന്തിയുണ്ടോ അവിടെ സുഖമുണ്ട്. എവിടെ അശാന്തിയുണ്ടോ അവിടെ ദു:ഖമാണ്. ഇവിടെ ദു:ഖവും അശാന്തിയുമാണ്. ഇതെല്ലാം ഇപ്പോഴാണ് ബാബ മനസ്സിലാക്കിത്തരുന്നത്. മായാരാവണൻ നിങ്ങളെ എത്ര തുച്ഛബുദ്ധിയാക്കി മാറ്റിയിരിക്കുന്നു. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ബാബ പറയുന്നു ഞാനും ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിതനാണ്. എന്റെ പാർട്ട് ഇപ്പോൾ ഞാൻ അഭിനയിച്ചുകൊണ്ടിരിക്കുന്നു. ബാബ കൽപ്പകൽപ്പം വന്ന് ഭ്രഷ്ടാചാരി പതിതത്തിൽ നിന്നും ശ്രേഷ്ഠാചാരി പാവനമാക്കി മാറ്റുന്നു. രാവണനിലൂടെ ആണ് ഭ്രഷ്ടാചാരി ആകുന്നത്. ഇപ്പോൾ ബാബ വന്ന് നിങ്ങളെ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നു. ഇപ്പോൾ ഈ പാട്ടിന്റെ അർത്ഥം ബാബ തന്നെയാണ് വന്ന് മനസിലാക്കിത്തരുന്നത്. സിഖ് ധർമ്മത്തിൽ പറഞ്ഞിട്ടുള്ള അകാലസിംഹാസനത്തിൽ ഇരിക്കുന്നവർക്കു പോലും ഇതിന്റെ അർത്ഥം അറിയില്ല. ബാബ മനസ്സിലാക്കിത്തന്നു–ആത്മാക്കളാണ് അകാലമൂർത്തി. ആത്മാവിന്റെ രഥമാണ് ഈ ശരീരം, അതിൽ അകാലൻ അതായത് കാലന് വിഴുങ്ങാൻ സാധിക്കാത്തതായ ആത്മാവ് ആസനസ്ഥനാണ്. സത്യയുഗത്തിൽ നിങ്ങളെ കാലൻ വിഴുങ്ങില്ല. ഒരിക്കലും അകാല മരണം സംഭവിക്കില്ല. സത്യയുഗം അമരലോകമാണ്, ഇത് മൃത്യുലോകമാണ്. അമരലോകം, മൃത്യുലോകം ഇതിന്റെ അർത്ഥം പോലും ആർക്കും അറിയില്ല. ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് വളരെ ലളിതമായാണ് മനസ്സിലാക്കിത്തരുന്നത്– എന്നെ മാത്രം ഓർമ്മിക്കൂ എന്നാൽ പാവനമായിത്തീരും. സാധൂ–സന്യാസിമാരും പതിതപാവനാ ..... എന്ന മഹിമ പാടുന്നു. പതിതപാവനനായ ബാബയെ വിളിക്കുന്നു, എവിടെ പോയാലും പതിതപാവനാ എന്നു തീർച്ചയായും പറയും. സത്യത്തെ ഒരിക്കലും ഒളിക്കാൻ കഴിയില്ല. നിങ്ങൾക്ക് അറിയാം ഇപ്പോൾ പതിതപാവനനായ ബാബ വന്നിരിക്കയാണ്. നമുക്ക് വഴി പറഞ്ഞു തരികയാണ്. കൽപ്പം മുമ്പും പറഞ്ഞിരുന്നു. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ സതോപ്രധാനമായിത്തീരും. നിങ്ങൾ എല്ലാവരും ബാബയാകുന്ന പ്രിയതമന്റെ പ്രിയതമകളാണ്. മറ്റുള്ള പ്രിതമൻ–പ്രിയതമ ഒരു ജന്മത്തേക്കുള്ളതാണ്. നിങ്ങൾ ജന്മജന്മാന്തരത്തിലെ പ്രിയതമകളാണ്. നിങ്ങൾ അല്ലയോ പ്രഭൂ എന്ന് ഓർമ്മിച്ചു വന്നു. നൽകുന്ന ആൾ ഒരേയൊരു ബാബയാണ്. കുട്ടികൾ സർവ്വതും യാചിക്കുന്നതും അച്ഛനിൽ നിന്നാണ്. ആത്മാവ് എപ്പോഴാണോ ദു:ഖിയാകുന്നത് അപ്പോൾ ബാബയെ ഓർമ്മിക്കുന്നു. സുഖത്തിൽ ആരും ഓർമ്മിക്കില്ല ദു:ഖത്തിൽ ഓർമ്മിക്കുന്നു– ബാബാ വന്ന് സദ്ഗതി നൽകൂ. ഗുരുക്കന്മാരുടെ അടുത്ത് പോയി പറയാറുണ്ട്, ഞങ്ങൾക്ക് കുട്ടികൾ വേണം. ശരി, കുട്ടികൾ ലഭിച്ചു എങ്കിൽ വളരെ സന്തോഷിക്കുന്നു, കുട്ടികൾ ഉണ്ടായില്ലെങ്കിൽ പറയുന്നു ഈശ്വരനിശ്ചയം എന്ന്. ഡ്രാമയെക്കുറിച്ച് അറിയില്ലല്ലോ. അഥവാ ഡ്രാമയിൽ ഉള്ളതാണ് എന്നു പറഞ്ഞുവെങ്കിൽ മുഴുവൻ ഡ്രാമയെക്കുറിച്ചും അറിഞ്ഞിരിക്കണം. നിങ്ങൾക്ക്

മാത്രമേ ഡ്രാമയെക്കുറിച്ച് അറിയൂ. മറ്റാർക്കും തന്നെ അറിയില്ല. ശാസ്ത്രങ്ങളിലും ഇല്ല. ഡ്രാമ അർത്ഥം നാടകമാണ്. ഡ്രാമയുടെ ആദിമധ്യാന്ത്യത്തെക്കുറിച്ച് അറിഞ്ഞിരിക്കണം. ബാബ പറയുന്നു ഞാൻ ഓരോ 5000 വർഷങ്ങൾക്കു ശേഷം വരുന്നു. ഈ നാല് യുഗങ്ങളും തീർത്ഥും ഒരേപോലെയാണ്. സ്വസ്തികയുടെയും മഹത്വമുണ്ട്. കണക്കുപുസ്തകമെഴുതുമ്പോൾ അതിൽ ആദ്യം സ്വസ്തിക വരയ്ക്കുന്നു. ഇതും കണക്കാണ്. നമ്മുടെ ലാഭം, നഷ്ടം എങ്ങനെയാണ് ഉണ്ടാകുന്നത്. നഷ്ടം സംഭവിച്ച്-സംഭവിച്ച് ഇപ്പോൾ പൂർണ്ണമായും എല്ലാം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇത് ജയപരാജയത്തിന്റെ കളിയാണ്. സമ്പത്തും ആരോഗ്യവും ഉണ്ടെങ്കിൽ സുഖമാണ്, സമ്പത്തുണ്ട് പക്ഷേ ആരോഗ്യമില്ലെങ്കിൽ സുഖമില്ല. നിങ്ങൾക്ക് ആരോഗ്യവും സമ്പത്തും രണ്ടും നൽകുനു. അതിൽ തീർച്ചയായും സന്തോഷവും അടങ്ങിയിട്ടുണ്ട്.

ആരെങ്കിലും ശരീരം ഉപേക്ഷിക്കുമ്പോൾ പറയാറുണ്ട് അവർ സ്വർഗ്ഗം പൂകി. പക്ഷെ ഉള്ളിൽ ദു:ഖിച്ചുകൊണ്ടിരിക്കും. സ്വർഗ്ഗം പൂകി എങ്കിൽ സന്തോഷിക്കേണ്ടേ, പിന്നെന്തിനാണ് അവരുടെ ആത്മാവിനെ നരകത്തിലേക്ക് വിളിക്കുന്നത്? ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഇപ്പോൾ ബാബ വന്ന് ഈ കാര്യങ്ങളെക്കുറിച്ചെല്ലാം മനസ്സിലാക്കിത്തരുന്നു. ബീജത്തിന്റെയും വൃക്ഷത്തിന്റെയും രഹസ്യത്തെക്കുറിച്ചും മനസ്സിലാക്കിത്തരുന്നു. ഈ കൽപ്പ വൃക്ഷത്തിന്റെ ചിത്രം മറ്റാർക്കും ഉണ്ടാക്കാൻ കഴിയില്ല. ഇതൊന്നും ബ്രഹ്മാവല്ല ഉണ്ടാക്കിയത്. ഇവർക്ക് ഗുരുവുമില്ല. അഥവാ ഉണ്ടെങ്കിൽ വേറെ ശിഷ്യന്മാരും ഉണ്ടാകേണ്ടതല്ലേ. മനുഷ്യർ മനസിലാക്കുന്നു ഏതോ ഗുരുവാണ് ഇവരെ ഇതൊക്കെ പഠിപ്പിച്ചത്, അല്ലെങ്കിൽ പറയും പരമാത്മാ ശക്തിയാണ് ഇവരിൽ പ്രവേശിച്ചിരിക്കുന്നത്. ഹേയ്, പരമാത്മാവിന്റെ ശക്തിക്ക് എങ്ങനെ പ്രവേശിക്കാൻ സാധിക്കും! പാവങ്ങൾ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ബാബ പറഞ്ഞുതരുന്നു ഞാൻ സാധാരണ ശരീരത്തിൽ പ്രവേശിച്ച്, നിങ്ങളെ പഠിപ്പിക്കുന്നു. ബ്രഹ്മാവും ഇത് കേൾക്കുന്നുണ്ട്, ശ്രദ്ധ പോകേണ്ടത് ശിവബാബയിലേക്കാണ്. ബ്രഹ്മാവും വിദ്യാർത്ഥിയാണ്. ഇവരും സ്വയം തന്നെക്കുറിച്ച് മറ്റൊന്നും തന്നെ പറയുന്നില്ല. പ്രജാപിതാവും വിദ്യാർത്ഥിയാണ്. ബ്രഹ്മാബാബ ആദ്യം വിനാശത്തിന്റെ സാക്ഷാത്കാരം കണ്ടുവെങ്കിലും ഒന്നും തന്നെ മനസ്സിലായിട്ടില്ല. പതുക്കെ-പതുക്കെ എല്ലാം മനസ്സിലായി. എങ്ങനെയാണോ നിങ്ങൾക്കെല്ലാം മനസ്സിലായത്. ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തരുമ്പോൾ ഇടയിൽ ഇദ്ദേഹവും മനസ്സിലാക്കുന്നു, പഠിച്ചുകൊണ്ടിരിക്കുന്നു. ഓരോ വിദ്യാർത്ഥികളും പഠിക്കാനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ബ്രഹ്മാ വിഷ്ണു ശങ്കരൻ സൂക്ഷ്മവതന വാസികളാണ്. ഇവരുടെ പാർട്ടിനെക്കുറിച്ചും ആർക്കും അറിയില്ല. ബാബ ഓരോ കാര്യങ്ങളും സ്വയമേ മനസ്സിലാക്കിത്തരുന്നു. നിങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കേണ്ട ആവശ്യം പോലുമില്ല. ഏറ്റവും മുകളിൽ ശിവപരമാത്മാവാണ് പിന്നീട് ദേവതകൾ, എങ്ങനെ ഭഗവാനെ ലഭിക്കും, ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ ഇവരിൽ പ്രവേശിച്ചിട്ടുണ്ട് അതുകൊണ്ടാണ് ബാപ്ദാദ എന്നു പറയുന്നത്. ബാബ വേറെയാണ് ദാദ വേറെയാണ്. ശിവനെയാണ് ബാബ എന്നു പറയുന്നത് ബ്രഹ്മാവിനെ ദാദ എന്നും. സമ്പത്ത് ലഭിക്കുന്നത് ബ്രഹ്മാവിലൂടെ ശിവനിൽ നിന്നുമാണ്. ബ്രഹ്മാവിന്റെ കുട്ടികളെയാണ് ബ്രാഹ്മണർ എന്നു പറയുന്നത്. ബാബ ഡ്രാമാ പ്ലാൻ അനുസരിച്ച് നമ്മെ ദത്തെടുത്തിരിക്കുകയാണ്. നമ്പർ വൺ ഭക്തൻ ബ്രഹ്മാവാണ്. ഇവരാണ് 84 ജന്മങ്ങൾ എടുത്തിരിക്കുന്നത്. ശ്യാമസുന്ദർ എന്ന് ഇവരെയാണ് പറയുന്നത്. കൃഷ്ണൻ സത്യയുഗത്തിൽ സതോപ്രധാനമായിരുന്നു, കലിയുഗത്തിൽ തമോപ്രധാനമായി. ഇപ്പോൾ പതിതമാണ് പിന്നീട് പാവനമായിത്തീരുന്നു. നിങ്ങളും അങ്ങനെത്തന്നെയാണ്. ഇത് കലിയുഗീ ഇരുമ്പ് ലോകമാണ്, അത് സത്യയുഗീ സ്വർണ്ണിമ ലോകം. ഏണിപ്പടിയെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. അവസാനം വരുന്നവർ ഒരിക്കലും 84 ജന്മം എടുക്കുന്നില്ല . അവർക്ക് തീർച്ചയായും കുറച്ചു ജന്മങ്ങളേ ഉണ്ടാവൂ അപ്പോൾ അവരെ എങ്ങനെ ഏണിപ്പടിയിൽ കാണിക്കാൻ സാധിക്കും. ബാബ മനസ്സിലാക്കിത്തരുന്നു- ആരാണ് ഏറ്റവും കൂടുതൽ ജന്മമെടുക്കുന്നത് ? ആരെല്ലാമാണ് ഏറ്റവും കുറവ് ജന്മങ്ങൾ എടുക്കുന്നത് ? ഇത് ജ്ഞാനമാണ്. ബാബ തന്നെയാണ് ജ്ഞാനസാഗരനും പതിതപാവനനും. ആദി-മധ്യ-അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിച്ചു തന്നുകൊണ്ടേയിരിക്കുന്നു. ഋഷി-മുനിമാർ നേതി-നേതി (ഇതുമല്ല ഇതുമല്ല) എന്നു പറയുന്നു. തന്റെ ആത്മാവിനെക്കുറിച്ചു കൂടി അറിയുന്നില്ല എങ്കിൽ ബാബയെക്കുറിച്ച് എങ്ങിനെ അറിയാനാണ്? ആത്മാവ് എന്താണ് എന്ന് കേവലം പറയാൻ വേണ്ടി മാത്രം പറയുന്നു, പക്ഷെ ഒന്നും തന്നെ മനസ്സിലാക്കിയിട്ടല്ല. നിങ്ങൾക്കറിയാം ആത്മാവ് അവിനാശിയാണ്, ഇതിൽ 84 ജന്മങ്ങളുടെയും അവിനാശീ പാർട്ട് അടങ്ങിയിട്ടുണ്ട്. ഇത്രയും ചെറിയ ആത്മാവിൽ എത്ര വലിയ പാർട്ടാണ് അടങ്ങിയിരിക്കുന്നത്, ആരാണോ നല്ല രീതിയിൽ ഇത് കേൾക്കുന്നത് മനസ്സിലാക്കുന്നത് അവർ സമീപത്തുള്ളവരാണെന്ന് മനസ്സിലാക്കാം. ബുദ്ധിയിലിരിക്കുന്നില്ല എങ്കിൽ വൈകി വരുന്നവരാണ്. കേൾപ്പിക്കുന്ന സമയത്ത് നാഡി നോക്കി കേൾപ്പിക്കണം. മനസ്സിലാക്കിക്കൊടുക്കുന്നവരും നമ്പർവൈസാണ്. നിങ്ങളുടേത് പഠിപ്പാണ്, രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ചിലർ എറ്റവും ഉയർന്ന രാജ്യപദവി നേടുന്നു, ചിലർ പ്രജയിലും ജോലിക്കാരായിത്തീരുന്നു. ബാക്കി ഇങ്ങനെയുണ്ട്,

സത്യയുഗത്തിൽ ആർക്കും ദു:ഖമുണ്ടാവില്ല. സത്യയുഗത്തെ സുഖധാമം, ബഹിശ്ത് എന്നെല്ലാം പറയും. കഴിഞ്ഞു പോയതുകൊണ്ടാണ് അതിനെ എല്ലാവരും ഓർമ്മിക്കുന്നത്. സ്വർഗ്ഗം മുകളിൽ എവിടെയോ ഉണ്ടെന്നുള്ളതാണ് മനുഷ്യർ മനസ്സിലാക്കുന്നത്. ദിൽവാഡാ ക്ഷേത്രത്തിൽ നിങ്ങളുടെ പൂർണ്ണ ഓർമ്മചിഹ്നങ്ങളാണ് ഉള്ളത്. ആദിദേവനും ആദിദേവിയും കുട്ടികളും താഴെ തപസ്സിലിരിക്കുണ്ട്. മുകളിൽ രാജധാനിയുടെ ചിത്രങ്ങളും ഉണ്ട്. മനുഷ്യർ അവിടെപ്പോയി ദർശനം ചെയ്യുന്നു, പൈസ വയ്ക്കുന്നു. പക്ഷെ ഒന്നും തന്നെ മനസ്സിലാക്കിയിട്ടില്ല. നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിട്ടുണ്ട്, നിങ്ങളാണ് ഏറ്റവും ആദ്യം ബാബയുടെ ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കിയത് ഇനി എന്താണ് വേണ്ടത്. ബാബയെ അറിഞ്ഞുകഴിഞ്ഞാൽ സർവ്വതും മനസ്സിലാക്കാൻ സാധിക്കുന്നു. അപ്പോൾ സന്തോഷം ഉണ്ടായിരിക്കണം. നിങ്ങൾക്കറിയാം നമ്മളിപ്പോൾ സത്യയുഗത്തിലേക്ക് വന്ന് സ്വർണ്ണക്കൊട്ടാരം ഉണ്ടാക്കും, രാജ്യം ഭരിക്കും. ആരാണോ സേവാധാരികളായ കുട്ടികൾ അവരുടെ ബുദ്ധിയിൽ ഉണ്ടാകും, ഈ ആത്മീയ ജ്ഞാനം ആത്മീയ അച്ഛനാണ് പഠിപ്പിക്കുന്നത്. ആത്മാക്കളുടെ പിതാവിനെയാണ് അച്ഛൻ എന്നു പറയുന്നത്. ബാബ തന്നെയണ് എല്ലാവരുടെയും സദ്ഗതി ദാതാവ്, സുഖശാന്തിയുടെ സമ്പത്ത് നൽകുന്നത്. നിങ്ങൾക്ക് ഏണിപ്പടിയുടെ ചിത്രം വച്ച് മനസിലാക്കിക്കൊടുക്കാൻ സാധിക്കും, ഈ ചിത്രം 84 ജന്മങ്ങളെടുത്ത ഭാരതവാസികളുടേതാണ്. പകുതിയിൽ വെച്ച് വരുന്നവർക്ക് എങ്ങനെ 84 ജന്മം ലഭിക്കും? നമ്മളാണ് ഏറ്റവും കൂടുതൽ ജന്മമെടുക്കുന്നത്. ഇതെല്ലാം വളരെ നന്നായി മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. മുഖ്യമായ കാര്യം തന്നെ പതിതത്തിൽ നിന്നും പാവനമാകുന്നതിനുവേണ്ടി ബുദ്ധിയോഗം ബാബയുമായി വയ്ക്കണം. പാവനമാകുന്നതിന്റെ പ്രതിജ്ഞ ചെയ്ത് പിന്നീട് അഥവാ പതിതമായി എങ്കിൽ എല്ലുകൾ തവിടുപൊടിയാകും, ഏതുപോലെയാണോ അഞ്ചാം നിലയിൽ നിന്നും താഴേക്ക് വീഴുന്നത്. മ്ലേച്ഛന്മാരുടെ ബുദ്ധിയായിത്തീരും, മനസ്സിനുള്ളിൽ കാർന്നുകൊണ്ടിരിക്കും പിന്നീട് വായിലൂടെ ഒന്നും തന്നെ പറയാൻ സാധിക്കില്ല. അതുകൊണ്ടാണ് ബാബ ശ്രദ്ധയോടെ ഇരിക്കാൻ പറയുന്നത്. ശരി

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാപിതാവായ ബാപദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. ഈ ഡ്രാമയെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കി മായയുടെ ബന്ധനങ്ങളിൽ നിന്നും മുക്തമാവണം. സ്വയത്തെ അകാലമൂർത്തി ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിച്ച് പാവനമായി മാറണം.

2. സത്യം സത്യമായ സന്ദേശ വാഹകരായി എല്ലാവർക്കും ശാന്തീധാമത്തിന്റേയും സുഖധാമത്തിന്റെയും വഴി പറഞ്ഞുകൊടുക്കണം. ഈ മംഗളകാരീ സംഗമയുഗത്തിൽ എല്ലാ ആത്മാക്കളുടെയും മംഗളം ചെയ്യണം.

## വരദാനം:- ബാബയുടെയും സേവനത്തിന്റെയും സ്മൃതിയിലൂടെ ഏകരസ സ്ഥിതിയുടെ അനുഭവം ചെയ്യുന്ന സർവ്വ ആകർഷണമുക്തരായി ഭവിക്കട്ടെ.

സേവകന് സദാ സേവയും യജമാനനെയും ഓർമ്മയുണ്ടായിരിക്കും, അതേപോലെ വിശ്വസേവാധാരി, സത്യമായ സേവാധാരി കുട്ടികൾക്കും ബാബയും സേവയുമല്ലാതെ മറ്റൊന്നും തന്നെ ഓർമ്മയുണ്ടായിരിക്കില്ല, ഇതിലൂടെത്തന്നെയേ ഏകരസ സ്ഥിതിയിലിരിക്കാനുള്ള അനുഭവം ഉണ്ടാകൂ. അവർക്ക് ഒരു ബാബയുടെ രസമല്ലാതെ മറ്റെല്ലാ രസങ്ങളും നീരസമായി തോന്നുന്നു. ഒരു ബാബയുടെ രസത്തിന്റെ അനുഭവമുള്ളത് കാരണം മറ്റെവിടെയും ആകർഷണം പോകുക സാദ്ധ്യമല്ല. ഈ ഏകരസ സ്ഥിതിയുടെ തീവ്രപുരുഷാർത്ഥം തന്നെയാണ് സർവ്വ ആകർഷണങ്ങളിൽ നിന്നും മുക്തമാക്കുന്നത്. ഇത് തന്നെയാണ് ശ്രേഷ്ഠ ലക്ഷ്യം.

## സ്ലോഗൻ:- വിമർശനാത്മകമായ സാഹചര്യത്തിന്റെ പരീക്ഷയിൽ പാസ്സാകണമെങ്കിൽ തന്റെ സ്വഭാവത്തെ ശക്തിശാലിയാക്കി മാറ്റൂ.

**അവ്യക്ത സൂചനകൾ- സത്യതയും സഭ്യതയുമാകുന്ന സംസ്കാരത്തെ സ്വായത്തമാക്കൂ.**

എപ്പോഴെങ്കിലും ഏതെങ്കിലും അസത്യകാര്യം കാണുകയോ കേൾക്കുകയോ ആണെങ്കിൽ അസത്യവായുമണ്ഡലം സൃഷ്ടിക്കരുത്. പലരും പറയും ഇത് പാപകർമ്മമാണെന്ന്, പാപകർമ്മം കാണാനിഷ്ടമില്ല, പക്ഷെ വായുമണ്ഡലത്തിൽ അസത്യത്തിന്റെ കാര്യങ്ങൾ പരത്തുക, ഇതും പാപം തന്നെയാണ്. ലൗകിക പരിവാരത്തിൽ പോലും അഥവാ ആരെങ്കിലും അങ്ങനെയുള്ള കാര്യങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്താൽ അതിനെ പരത്താറില്ല, കാതിൽ കേട്ടു, മനസ്സിൽ ഒളിപ്പിച്ചു. അഥവാ ആരെങ്കിലും വ്യർത്ഥ കാര്യങ്ങൾ പരത്തുകയാണെങ്കിൽ ഈ ചെറിയ-ചെറിയ പാപങ്ങൾ പറക്കുന്ന കലയുടെ അനുഭവത്തെ സമാപ്തമാക്കുന്നു. അതിനാൽ ഈ കർമ്മങ്ങളുടെ ഗുഹ്യഗതിയെ മനസ്സിലാക്കി യഥാർത്ഥരൂപത്തിൽ സത്യതയുടെ ശക്തി ധാരണ ചെയ്യൂ.